STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.07/PR/SPMC/PHQ/2022 Date:07.01.2022

## ദേശീയ ഇ - ഗവേണൻസ് അവാർഡ്

## കേരള പോലീസ് സോഷ്യൽ മീഡിയ വിഭാഗം ഏറ്റുവാങ്ങി

ഇ - ഗവേണൻസ് രംഗത്തെ നൂതന ആശയങ്ങൾക്കും സംരംഭങ്ങൾക്കുമായി കേന്ദ്ര സർക്കാർ നൽകുന്ന ദേശീയ ഇ - ഗവേണൻസ് പുരസ്കാരം കേരളാ പോലീസിന്റെ സോഷ്യൽ മീഡിയാ വിഭാഗം ഏറ്റുവാങ്ങി. ഹൈദരാബാദിൽ നടന്ന ചടങ്ങിൽ എ.ഡി.ജി.പി മനോജ് എബ്രഹാം, സോഷ്യൽ മീഡിയ സെല്ലിലെ പോലീസ് ഉദ്യോഗസ്ഥരായ കമലാനാഥ് കെ.ആർ, ബിമൽ വി.എസ്, സന്തോഷ്.പി.എസ് എന്നിവർ കേന്ദ്ര ശാസ്ത്ര സാങ്കേതിക ഐ.ടി വകുപ്പ് സഹമന്ത്രി ഡോ. ജിതേന്ദ്ര സിംഗിൽ നിന്നും പുരസ്കാരം സ്വീകരിച്ചു.

വാർത്താവിനിമയം, വിവര സാങ്കേതികവിദ്യ എന്നിവയുപയോഗിച്ചു കേരളാ പോലീസ് സോഷ്യൽ മീഡിയാ വിഭാഗം നടത്തിയ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കാണ് അവാർഡ് ലഭിച്ചത്. പോലീസ് ആസ്ഥാനത്തെ എ.ഡി.ജി.പി മനോജ് എബ്രഹാമിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് സോഷ്യൽ മീഡിയ വിഭാഗം പ്രവർത്തിക്കുന്നത്.

സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവ നൂതനവും ജനോപകാരപ്രദവുമായ സേവനങ്ങൾ വികസിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് കേന്ദ്രസർക്കാർ ഇ-ഗവേണൻസ് അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നത്. സർക്കാർ സംവിധാനങ്ങളുടെ പരമ്പരാഗത പൊതുജനസമ്പർക്ക രീതികളിൽ നിന്ന് വ്യത്യസ്തമായി നവമാധ്യമങ്ങളിലൂടെയുള്ള ജനകീയ ഇടപെടലിന് സോഷ്യൽ മീഡിയ വിഭാഗം നടത്തിയ മാതൃകാപരമായ പ്രവർത്തനങ്ങൾ അവാർഡ് നിർണയത്തിന് പരിഗണിച്ചു.

ട്രോളുകളിലൂടെയും വീഡിയോകളിലൂടെയും രസകരമായ മറുപടികളിലൂടെയും മലയാളി മനസുകളെ കീഴടക്കിയ കേരള പോലീസിന്റെ ഔദ്യോഗിക ഫേസ്ബുക് പേജ് 18 ലക്ഷം ഫോളോവേഴ്സുമായി ലോകത്തെ സ്റ്റേറ്റ് പോലീസ് ഫേസ്ബുക് പേജുകളിൽ മുൻനിരയിലാണ്.

**ഫോട്ടോക്യാപ്ഷൻ** : ദേശീയ ഇ-ഗവേണൻസ് അവാർഡ് ലഭിച്ച കേരള പോലീസ് സോഷ്യൽ മീഡിയ സെല്ലിന് വേണ്ടി എ.ഡി.ജി.പി മനോജ് എബ്രഹാം, സോഷ്യൽ മീഡിയ സെൽ പോലീസ് ഉദ്യോഗസ്ഥരായ കമലാനാഥ് കെ.ആർ, ബിമൽ വി.എസ്., സന്തോഷ്.പി .എസ് എന്നിവർ ഹൈദരാബാദിൽ നടന്ന ചടങ്ങിൽ കേന്ദ്ര ശാസ്ത്ര സാങ്കേതിക ഐ.ടി വകുപ്പ് സഹമന്ത്രി ഡോ. ജിതേന്ദ്ര സിംഗിൽ നിന്ന് ട്രോഫിയും സർട്ടിഫിക്കറ്റും ഏറ്റുവാങ്ങുന്നു.

*************************